ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 02.01.2025**

### പ്രധാനവാർത്തകൾ

1. കേരളത്തിന്റെ 23-ാമത് ഗവർണറായി ശ്രീ രാജേന്ദ്ര വിശ്വനാഥ് അർലേകർ സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റു.

2. പതിനഞ്ചാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനം ഈ മാസം 17 മുതൽ വിളിച്ചു ചേർക്കാൻ ഗവർണറോട് ശിപാർശ ചെയ്യാൻ സംസ്ഥാന മന്ത്രിസഭാ യോഗ തീരുമാനം.

3. ന്യൂഡൽഹിയിൽ വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനം പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ നിർവ്വഹിക്കും.

4. ഭോപ്പാൽ വിഷവാതക ദുരന്തത്തിന് ഇടയാക്കിയ യൂണിയൻ കാർബൈഡ് കമ്പനിയിലെ 377 ടണ്ണോളം വിഷ മാലിന്യങ്ങൾ നീക്കം ചെയ്ത് തുടങ്ങി.

5. പെരിയ ഇരട്ടക്കൊല കേസിൽ കുറ്റക്കാരായ 14 പ്രതികൾക്ക് എറണാകുളം സി.ബി.ഐ കോടതി നാളെ ശിക്ഷ വിധിക്കും.

6. 63-ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിന് ശനിയാഴ്ച തിരുവനന്തപുരത്ത് തിരി തെളിയും.

************************************************************************************************

RNU TVPM

## സത്യപ്രതിജ്ഞ (ഇൻട്രോ

കേരളത്തിന്റെ 23-ാമത് ഗവർണറായി ശ്രീ രാജേന്ദ്ര വിശ്വനാഥ് അർലേകർ സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റു. രാജ്ഭവനിൽ നടന്ന ചടങ്ങിൽ ഹൈക്കോടതി ചീഫ് ജസ്റ്റിസ് നിതിൻ മധുകർ ജാംദാർ അദ്ദേഹത്തിന് സത്യവാചകം ചൊല്ലിക്കൊടുത്തു.

(വോയിസ്)

മുഖ്യമന്ത്രി പിണറായി വിജയൻ, സ്പീക്കർ എ എൻ ഷംസീർ, ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ, മന്ത്രിമാർ, എം എൽ എ മാർ, രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക രംഗത്തെ പ്രമുഖർ തുടങ്ങിയവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

RNU TVPM

************************************************************************************************

## നിയമസഭ

പതിനഞ്ചാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനം ഈ മാസം 17 മുതൽ വിളിച്ചു ചേർക്കാൻ ഗവർണ്ണറോട് ശുപാർശ ചെയ്യാൻ സംസ്ഥാന മന്ത്രിസഭാ യോഗം തീരുമാനിച്ചു. ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിന്റെ കരട് തയ്യാറാക്കുന്നതിനായി മന്ത്രിസഭ ഉപസമിതിയെ യോഗം ചുമതലപ്പെടുത്തി. മന്ത്രിമാരായ കെ എൻ ബാലഗോപാൽ, കെ രാജൻ, റോഷി അഗസ്റ്റിൻ, കെ കൃഷ്ണൻകുട്ടി, എ കെ ശശീന്ദ്രൻ എന്നിവരാണ് സമിതിയിലെ അംഗങ്ങൾ. നയപ്രഖ്യാപന പ്രസംഗം തയ്യാറാക്കുന്നതിനുള്ള വിവരങ്ങൾ വകുപ്പുകളിൽ നിന്ന് ശേഖരിക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. എ. ജയതിലകിനെ ചുമതലപ്പെടുത്തി.

************************************************************************************************

## പ്രധാനമന്ത്രി

ന്യൂഡൽഹിയിലെ വിവിധ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ തറക്കല്ലിടും. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കായി അശോക് വിഹാറിൽ നിർമിച്ച പുതിയ 1,675 ഫ്ലാറ്റുകൾ അദ്ദേഹം ഉദ്ഘാടനം ചെയ്യും. നൗറോജി നഗറിലെ **World Trade Centre** ഉം **GPRA Type-II** ക്വാർട്ടേഴ്സും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും. റോഷൻപുരയിലെ വീർ സവർകർ കോളേജിനും ശ്രീ നരേന്ദ്ര മോദി തറക്കല്ലിടും.

***************************************************************************************

## ഇന്ത്യ-പാകിസ്ഥാൻ

ഇന്ത്യയും പാകിസ്ഥാനും കസ്റ്റഡിയിലുള്ള തടവുകാരുടെയും മത്സ്യത്തൊഴിലാളികളുടെയും പട്ടിക നയതന്ത്ര മാർഗങ്ങളിലൂടെ കൈമാറി. കോൺസുലാർ ആക്സസ് സംബന്ധിച്ച ഉഭയകക്ഷി കരാർ 2008 ലെ വ്യവസ്ഥകൾ പ്രകാരം, അത്തരം പട്ടികകൾ എല്ലാ വർഷവും ജനുവരി 1 നും ജൂലൈ 1-നും കൈമാറുന്നുണ്ട്. കസ്റ്റഡിയിലുള്ള 381 തടവുകാരുടെയും 81 മത്സ്യത്തൊഴിലാളികളുടെയും പേരുകൾ ഇന്ത്യ കൈമാറിയതായി വിദേശകാര്യ മന്ത്രാലയം പറഞ്ഞു. 49 സിവിലിയൻ തടവുകാരുടെയും 217 മത്സ്യത്തൊഴിലാളികളുടെയും പേരുകൾ പാകിസ്ഥാനും പങ്കുവച്ചിട്ടുണ്ട്.

***************************************************************************************

RINU TVPM

## ഭോപ്പാൽ - വിഷവാതകം

40 വർഷം മുമ്പ് ഭോപ്പാൽ വിഷവാതക ദുരന്തത്തിന് ഇടയാക്കിയ യൂണിയൻ കാർബൈഡ് കമ്പനിയിലെ 377 ടണ്ണോളം വരുന്ന വിഷമാലിന്യങ്ങൾ നീക്കം ചെയ്ത് തുടങ്ങി. ഭോപ്പാലിൽ നിന്നും 250 കിലോമീറ്റർ അകലെയുള്ള പിതാംബൂർ വ്യവസായ മേഖലയിലേക്കാണ് മാലിന്യങ്ങൾ മാറ്റുന്നത്. 12 ട്രക്കുകളിലായി ആണ് മാലിന്യങ്ങൾ നീക്കം ചെയ്യുന്നത്. ഇവയുടെ നീക്കത്തിനായി പ്രത്യേക ഹരിത ഇടനാഴിയും സജ്ജമാക്കിയിട്ടുണ്ട്. 1984 ഡിസംബറിലാണ് 5,479 ലേറെ പേരുടെ മരണത്തിനു ഇടയാക്കിയ ഭോപ്പാൽ വിഷവാതക ദുരന്തം ഉണ്ടായത്.

*****************************************************************************

RNU TVPM

## ശിവരാജ് സിങ് ചൗഹാൻ

ഗ്രാമവികസന മന്ത്രാലയത്തിന് കീഴിലെ എല്ലാ പദ്ധതികളും സമയബന്ധിതമായി നടപ്പാക്കുന്നത് വഴി രാജ്യത്ത് ദാരിദ്ര്യ മുക്ത ഗ്രാമങ്ങൾ സൃഷ്ടിക്കുമെന്ന് കേന്ദ്രമന്ത്രി ശിവരാജ് സിങ് ചൗഹാൻ. ഗ്രാമവികസന മന്ത്രാലയം മികച്ച പ്രകടനം ആണ് കാഴ്ചവയ്ക്കുന്നതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഈ മാസം 10 ലക്ഷത്തിലേറെ ഭവനങ്ങൾക്ക് അനുമതി നല്കാൻ പ്രത്യേക ശ്രദ്ധ നല്കുമെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

*****************************************************************************

## യു.ഐ.ഡി.എ.ഐ

UIDAI യുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫിസറായി ശ്രീ.ഭുവനേഷ് കുമാർ ചുമതലയേറ്റു. ഉത്തർപ്രദേശ് കേഡറിൽ നിന്നുള്ള 1995 ബാച്ച് IAS ഉദ്യോഗസ്ഥന് ആണ് അദ്ദേഹം. കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിരവധി സുപ്രധാന പദവികൾ വഹിച്ചിട്ടുണ്ട്.

*****************************************************************************************************************************************

## ചരക്ക് സേവന നികുതി

2024 ഡിസംബറിൽ രാജ്യത്തെ മൊത്ത ചരക്ക് സേവന നികുതി വരുമാനത്തിൽ **7.3** ശതമാനം വർധന. ഇക്കഴിഞ്ഞ ഡിസംബറിൽ മൊത്തം ജിഎസ്ടി വരുമാനം **1.76** ലക്ഷം കോടി രൂപയായി വർദ്ധിച്ചു. ഇക്കലായളവിലെ കേന്ദ്ര ജിഎസ്ടി വരുമാനം **32,836** കോടി രൂപയും സംസ്ഥാന വരുമാനം **40,499** കോടി രൂപയുമാണ്.

RNUTVPM

*****************************************************************************************************************************************

## റിപ്പബ്ലിക് ദിനം-ടിക്കറ്റ്

ഈ വർഷത്തെ റിപ്പബ്ലിക് ദിന പരേഡ്, **Beating Retreat** തുടങ്ങിയവ വീക്ഷിക്കാനുള്ള ടിക്കറ്റുകളുടെ വിൽപന ഇന്ന് ആരംഭിക്കും. **Sena Bhawan, Shastri Bhawan, Jantar Mantar, Pragati Maidan Rajiv Chowk Metro Station** എന്നിവിടങ്ങളിൽ നിന്നും വെബ്സൈറ്റിലൂടേയും ജനങ്ങൾക്ക് ടിക്കറ്റുകൾ വാങ്ങാവുന്നതാണെന്ന് പ്രതിരോധ മന്ത്രാലയം അറിയിച്ചു.

*****************************************************************************************************************************************

## പെരിയ ഇരട്ടക്കൊല

പെരിയ ഇരട്ടക്കൊല കേസിൽ എറണാകുളം സി. ബി. ഐ കോടതി നാളെ ശിക്ഷ വിധിക്കും. കേസിലെ 14 പ്രതികൾ കുറ്റക്കാരെന്ന് കോടതി കണ്ടെത്തിയിരുന്നു. 2019 ലാണ് കേസിനാസ്പദമായ സംഭവം നടന്നത്. കേസിലെ വിധി പുറപ്പെടുവിക്കുന്നതിന്റെ പശ്ചാത്തലത്തിൽ കാസർഗോഡ് ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ഇന്നലെ കളക്ടറേറ്റിൽ വിവിധ രാഷ്ട്രീയകക്ഷി പ്രതിനിധികളുടെ സമാധാനയോഗം ചേർന്നു. അനിഷ്ട സംഭവങ്ങൾ ഒഴിവാക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുവാൻ യോഗം തീരുമാനിച്ചു.

*****************************************************************************************************************

## സ്കൂൾ കലോത്സവം

63-ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിന് ശനിയാഴ്ച തിരുവനന്തപുരത്ത് തിരി തെളിയും. തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ രാവിലെ നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ കലോത്സവം ഉദ്ഘാടനം ചെയ്യും. മുഖ്യ വേദിയായ സെൻട്രൽ സ്റ്റേഡിയത്തിന് പുറമെ തിരുവനന്തപുരം നഗരത്തിലെ 25 വേദികളിലായി ഈ മാസം 8 വരെയാണ് കലോത്സവം. വേദികൾക്ക് കേരളത്തിലെ നദികളുടെ പേരാണ് നൽകിയിരിക്കുന്നത്.

*****************************************************************************************************************

RIJU TVPM

## ഇടുക്കി-ഡബിൾ ഡക്കർ (ഇൻട്രോ)

സഞ്ചാരികളുടെ പറുദീസയായ മൂന്നാറിലെ പുറം കാഴ്ച്ചകൾ കാണാൻ പാകത്തിൽ സജ്ജീകരിച്ച ഡബിൾ ഡക്കർ പുറത്തിറങ്ങി. കെഎസ്ആർടിസിയുടെ ഏറ്റവും പുതിയ സംരംഭമായ '**കെഎസ്ആർടിസി റോയൽ വ്യൂ**' പദ്ധതിയുടെ ഭാഗമാണ് ഡബിൾ ഡക്കർ ബസ് സർവീസ്.

വിശദാംശങ്ങളുമായി ഇടുക്കിയിൽ നിന്നും ആകാശവാണി പ്രതിനിധി **രതീഷ് കൃഷ്ണ......**

## (വോയിസ്)

---

## മന്നം ജയന്തി

സാമൂഹിക പരിഷ്കർത്താവും എൻ.എസ്.എസ് സ്ഥാപകനുമായ മന്നത്ത് പദ്മനാഭന്റെ 148-ാം ജയന്തി ആഘോഷങ്ങൾ പുരോഗമിക്കുന്നു. രാവിലെ പെരുന്ന എൻ.എസ്.എസ് ആസ്ഥാനത്തെ മന്നം സമാധിയിൽ പുഷ്പാർച്ചന നടന്നു. തുടർന്ന് നടന്ന മന്നം ജയന്തി സമ്മേളനം രമേശ് ചെന്നിത്തല എം എൽ എ ഉദ്ഘാടനം ചെയ്തു. കർമം കൊണ്ട് ശൂന്യതയിൽ അത്ഭുതങ്ങൾ സൃഷ്ടിച്ച യുഗപ്രഭാവനായിരുന്നു മന്നത്ത് പദ്മനാഭനെന്ന് എൻ എസ് എസ് ജനറൽ സെക്രട്ടറി ജി സുകുമാരൻ നായർ പറഞ്ഞു. കേരളത്തിൽ നിലനിന്നിരുന്ന പല അനാചാരങ്ങൾക്കെതിരെയുമുള്ള പോരാട്ടങ്ങളുടെ മുൻനിരയിലെ നേതൃസാന്നിധ്യമായിരുന്നു മന്നത്ത് പദ്മനാഭനെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ സമൂഹമാധ്യമത്തിൽ അനുസ്മരിച്ചു.

RNU TVPM

*****************************************************************************************************

## ദുബൈ വീസ

കഴിഞ്ഞ സെപ്റ്റംബറിൽ പ്രഖ്യാപിച്ച പൊതു മാപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വിജയകരമായി പൂർത്തിയാക്കിയതായി ദുബായിലെ കോൺസുലേറ്റ് ജനറൽ ഓഫ് ഇന്ത്യ. വിവിധ കേന്ദ്രങ്ങളിലൂടെ 15,000 ത്തിലേറെ ഇന്ത്യക്കാർക്ക് പൊതുമാപ്പിന്റെ പ്രയോജനം ലഭ്യമാക്കിയാതായി അധികൃതർ അറിയിച്ചു. പൊതു മാപ്പിന്റെ നാല് മാസത്തെ കാലയളവിൽ 2,117 പാസ്പോർട്ടുകളും 3,589 അടിയന്തര സർട്ടിഫിക്കറ്റുകളും ലഭ്യമാക്കിയിട്ടുണ്ട്.

*****************************************************************************************************

## ശബരിമല

RNU TVPM

മകരവിളക്കിനോട് അനുബന്ധിച്ച് തിരുവാഭരണ ഘോഷയാത്രയുടെ തയ്യാറെടുപ്പുകൾ വിലയിരുത്തുന്നതിന് പത്തനംതിട്ട ജില്ലാ കലക്ടറുടെ അധ്യക്ഷതയിൽ പന്തളം വലിയകോയിക്കൽ ശാസ്താ ക്ഷേത്രം ഓഡിറ്റോറിയത്തിൽ യോഗം ചേർന്നു. ഘോഷയാത്ര കടന്നുപോകുന്ന പാതയിൽ ക്രമീകരണങ്ങൾ ഒരുക്കുന്നതിനു യോഗത്തിൽ തീരുമാനമായി. മകരവിളക്ക് വ്യൂ പോയിന്റുകളിൽ ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ ഞായറാഴ്ച സംയുക്ത സുരക്ഷാ പരിശോധന നടത്തുമെന്നും കളക്ടർ പറഞ്ഞു. തിരുവാഭരണം കടന്നുപോകുന്ന ദിവസം ചെറുകോൽ, കാഞ്ഞീറ്റുകര, വടശ്ശേരിക്കര, റാന്നി പെരുനാട് ആരോഗ്യ കേന്ദ്രങ്ങൾ 24 മണിക്കൂറും പ്രവർത്തിക്കും. ഘോഷയാത്ര

കടന്നുപോകുന്ന കാനനപാതകളിൽ വനംവകുപ്പിന്റെ നേതൃത്വത്തിൽ കാടു വെട്ടിതെളിച്ച് എലിഫൻറ് സ്ക്വാഡുകളെ നിയോഗിക്കും. ഈ മാസം 12 ന് പന്തളത്ത് നിന്ന് പുറപ്പെടുന്ന തിരുവാഭരണ ഘോഷയാത്ര 14 ന് ശബരിമലയിൽ എത്തും.

*********************************************************************************

## അഗ്നിവീർ അപേക്ഷ

വ്യോമസേനയിലേക്ക് അഗ്നിവീർ റിക്രൂട്ട്മെന്റിന് അപേക്ഷ ക്ഷണിച്ചു. ഈ മാസം ഏഴിന് രാവിലെ 11 മുതൽ 27 ന് രാത്രി 11 മണി വരെ ഓൺലൈനായാണ് അപേക്ഷ സമർപ്പിക്കേണ്ടത്. വിശദവിവരങ്ങൾ agnipathvayu.cdac.in -ൽ ലഭ്യമാണ്.

RNU TVPM

*********************************************************************************

## ഉയർന്ന ചൂട്

1901- ന് ശേഷം ഇന്ത്യയിൽ ഏറ്റവും ഉയർന്ന ചൂട് രേഖപ്പെടുത്തിയത് 2024 ലെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഈ മാസം രാജ്യത്തിന്റെ മിക്ക ഭാഗങ്ങളിലും കുറഞ്ഞ താപനിലയും പരമാവധി താപനിലയും സാധാരണയേക്കാൾ കൂടുതലായിരിക്കുമെന്നും മുന്നറിയിപ്പുണ്ട്. വടക്ക് പടിഞ്ഞാറൻ മേഖലയിൽ ശൈത്യ തരംഗം ശക്തമാകുമെന്നും IMD ഡയറക്ടർ ജനറൽ മൃത്യുഞ്ജയ് മൊഹാപത്ര അറിയിച്ചു.

*********************************************************************************

## ഐ.എസ്.എൽ

ISL ഫുട്ബോളിൽ ഇന്ന് മോഹൻ ബെഗാൻ -ഹൈദരാബാദ് FC പോരാട്ടം. കൊൽക്കത്തയിൽ രാത്രി 7.30 നാണു മത്സരം. 13 കളികളിൽ നിന്നും 29 പോയിന്റുമായി നിലവിൽ പട്ടികയിൽ ഒന്നാമതാണ് മോഹൻ ബെഗാൻ. എന്നാൽ പോയിന്റ് പട്ടികയിൽ 12 -ാം സ്ഥാനത്താണ് ഹൈദരാബാദ്.

## ബാസ്കറ്റ്ബാൾ ചാമ്പ്യൻഷിപ്പ്

ഗുജറാത്തിലെ ഭാവ്നഗറിൽ നടക്കുന്ന 74-ാമത് ദേശീയ സീനിയർ ബാസ്കറ്റ്ബാൾ ചാമ്പ്യൻഷിപ്പിൽ കേരളത്തെ ആന്റണി ജോൺസണും ആർ. ശ്രീകലയും നയിക്കും. ഈ മാസം അഞ്ചു മുതൽ 12 വരെയാണ് ചാമ്പ്യൻഷിപ്പ്.

RNUTVPM